പ്ലാച്ചിമട കൊക്കകോള ഫാക്ടറി പ്രവർത്തിക്കാതിരുന്ന സമയത്ത് ജലചൂഷണം നടത്തിയതായുള്ള പത്ര റിപ്പോർട്ടുകൾ

53 [2662] ശ്രീ. ബിനോയ് വിശ്വം: താഴക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള ഫാക്ടറി പ്രവർത്തിക്കാതിരുന്ന സമയത്ത് ജലചൂഷണം നടത്തിയതായുള്ള പത്ര റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാച്ചിമട പ്രദേശത്ത് ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു വരുന്നത് പരിഗണിച്ച് ആ പ്രദേശത്ത് ജലപാരിസ്ഥിതിക സന്തുലനം നിലനിർത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ അവിടത്തെ ജല പാരിസ്ഥിതിക സന്തുലനം നിലനിർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്ലാച്ചിമട കൊക്കകോള ഫാക്ടറിയിൽനിന്നും പുറന്തള്ളുന്ന ഖരമാലിന്യത്തിൽ ലെഡിന്റെയും കാഡ്മിയത്തിന്റെയും അളവ് എത്ര പി. പി. എം. (ദശലക്ഷാംശം) ആണെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഫാക്ടറിയിൽ നിന്നുള്ള വിസർജ്ജ്യ വസ്തുക്കളിൽ ലെഡും കാഡ്മിയവും എവിടെനിന്നാണ് കടന്നുകൂടുന്നതെന്ന് കമ്പനി വെളിപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് ഭൂജല വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഖനലോഹങ്ങളായ ലെഡും കാഡ്മിയവും മനുഷ്യരുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളിലും മാരകമായ ആരോഗ്യ പ്രശ്നങ്ങളും ജനിതക വൈകല്യങ്ങളും സൃഷ്ടിക്കുമെന്ന പത്ര റിപ്പോർട്ടുകൾ സർക്കാർ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വ്യാപനം തടയുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പ്രദേശത്തെ ജലസന്തുലനം നിലനിർത്തുന്നതിനായി കൊക്കകോള ഫാക്ടറി മഴവെള്ള ശേഖരണ പദ്ധതിയും 3 വലിയ ജല സംപോഷണ ടാങ്കുകളുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്. ഇത് ശേഖരണിയുടെ തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ മാത്രം പരിമിതമായി ഭൂജലനിരപ്പ് ഉയർത്തുവാൻ സഹായിക്കും.

(ഡി) കൊക്കകോള ഫാക്ടറിയിൽനിന്നും പുറന്തള്ളുന്ന ഖരമാലിന്യത്തിന്റെ സാമ്പിളുകൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചതിൽ കാഡ്മിയത്തിന്റെ അളവ് ഏറ്റവും കൂടുതലായി കണ്ടത് 201.8 പി. പി. എം. (201.8 മില്ലിഗ്രാം/കി.ഗ്രാം) ആണ്. സെൻട്രൽ ബോർഡ് പരിശോധിച്ചപ്പോൾ 300 പി. പി. എം. വരെ കണ്ടെത്തി.

ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ ലെഡിന്റെ അളവ് ഏറ്റവും കൂടുതൽ കണ്ടത് 319 പി. പി. എം. ആണ്. (319 മില്ലിഗ്രാം/കി.ഗ്രാം)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല. കാഡ്മിയത്തിന്റെ ഉറവിടം വെളിപ്പെടുത്തണമെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം കമ്പനി നടപ്പാക്കിയിട്ടില്ല.

ഭൂജല വകുപ്പ് ഖരമാലിന്യങ്ങളുടെ പരിശോധന നടത്തിയിട്ടില്ല.

(എഫ്) ഉണ്ട്. ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യത്തിൽ കാഡ്മിയത്തിന്റെ അളവ് പരിധിക്ക് മുകളിൽ കണ്ടതിനാൽ ഈ ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്'-ന്റെ പരിധിയിൽ കൊണ്ടുവരികയും ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യം പുറത്ത് വിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകി. ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്' അനുസരിച്ച് കൈകാര്യം ചെയ്യുവാനും റൂൾസ് പ്രകാരമുള്ള ബോർഡിന്റെ ഓതറൈസേഷൻ കരസ്ഥമാക്കാനും ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് കമ്പനി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ അനുസരിച്ചുള്ള സെക്യൂർഡ് ലാൻഡ് ഫിൽ നിർമ്മിച്ചിട്ടുമുണ്ട്.

സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി

54 [2663] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണുക്ഷേത്രം വക കരമനയാറിൽ സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്ക് ജലസേചന വകുപ്പ് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ജില്ലാ കളക്ടർക്ക് വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) ദർഘാസ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

55 [2664] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന് കീഴിലുള്ള ചിറക്കൽപടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly